GANAN DANGARLI LTD.,—PETROL—ISSUE OF

402. മിസ്റ്റർ ജോസ്സ് കെ. വള്ളിസ്സ് :

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

മുനിസിപ്പൽ റോഡ് കോൺക്രീറു് ഇടുന്നതിനു കരാറെടുത്തിരിക്കുന്ന ഗേനൻ ഡങ്കേർലി കമ്പനിക്കാക്കു് മാസം വീതം എത്ര ഗാലൻ പെട്രോളാണു കൊടുത്തുവരുന്നതു്; എത്ര മാസമായി; ആകെ എത്ര പെട്രോൾ കൊടുത്തു ?

റാവുബഹദൂർ ടി. കെ. നായർ :

മെസ്സേർസ്സ് ഗേനൻ ഡങ്കേർലി കമ്പനിക്കാക്കു് മാസംതോറും ആവശ്യമനുസരിച്ചു കൊടുത്ത പെട്രോളിന്റെ കണക്കു താഴെ ചേർക്കുന്നു.—

൧൯൪൫ ഡിസമ്പർ— ൫൦൦ ഗ്യാലൻ. ൧൯൪൬ ജനുവരി— ൫൪൦ ഗ്യാലൻ. ൧൯൪൬ ഫെബ്രുവരി— ൧,൫൦൦ ഗ്യാലൻ. ൧൯൪൬ മാർച്ചു്—൧, ൦൦൦ ഗ്യാലൻ. നാലുമാസമായി കൊടുത്തുവരുന്നുണ്ടു്. ആകെ ൨,൯൫൦ ഗ്യാലൻസ് കൊടുത്തിട്ടുണ്ടു്.

ACCIDENT IN THE TRAMWAY LINE—DETAILS REGARDING

403. Mr. S. P. Luiz *(Nominated):* Will Government be pleased to state.—

(*a*) whether they have taken note of an accident that occurred on one of the Tramway inclines ; whether there was any loss of life or property;

(*b*) if so, will the Government kindly state the circumstances that led to this accident;

(*c*) is it a fact that the Tramway Engineer was not on duty at the time ?

Mr. C. R. Iyyunni *(Minister for Revenue):*

(*a*) Yes ; one brake-cooly was killed and the brake-machine and a pair of trucks damaged by the trucks getting out of control.

(*b*) The accident happened when a specially heavy load was lowered and when the brakes of the self acting inclines could not be made to function effectively.

(*c*) The Tramway Engineer was on duty at that time.

APPLICANTS FOR APPOINTMENT FROM THE COMMUNITIES OF VETTUVAS, PARAYAS, ETC.

404. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ—

(എ) വേട്ടുവർ, പറയർ, പടന്നർ, കണക്കൻ, എന്നീ സമുദായങ്ങളിൽനിന്നും എസ്സ്. എസ്സ്. എൽ. സി. പാസ്സായി സ്റ്റാഫ് സെലക്ഷൻബോർഡിൽ ഉദ്യോഗത്തിനു് അപേക്ഷിച്ചിട്ടു ൧൦—൩—൧൯ വരെ ഉദ്യോഗം കിട്ടാത്ത എത്ര അപേക്ഷകർ മൻപറഞ്ഞ ഓരോ സമുദായത്തിലുമുണ്ടു് ;

(ബി) അവരിൽ സ്ത്രീകളെത്ര; പുരുഷന്മാരെത്ര;

(സി) അവർ ഓരോരുത്തരും ബോർഡിലേക്കു് അപേക്ഷ അയച്ച തീയ്യതികൾ ഏവ?

റാവുസാഹിബ് കെ. അയ്യപ്പൻ ;

വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക അനുബന്ധിച്ചിരിക്കുന്നു. *(Appendix VII)*

INTER-SCHOOL SPORTS—EXPENDITURE FOR

405. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി നൽകുമോ—

(എ) ൧൯൪൫, ൧൯൪൬ എന്നീ കൊല്ലങ്ങളിൽ ഇൻറർ സ്കൂൾ സ്പോർട്ട്സിനു് എറണാകുളം എസ്സ്. ആർ. വി. ഹൈസ്കൂളിലും ടി ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ ചാർജ്ജിൽ മറു സ്ഥലങ്ങളിലും എത്ര വിദ്യാർത്ഥികൾ താമസിച്ചിരുന്നു;

(ബി) ടി വകക്കു് ഓരോ കൊല്ലത്തിലും എത്ര ഉരുപ്പിക ചിലവായി ;

സി) ടി വകക്കു് എത്ര മന്നു് പഞ്ചസാരയും എത്ര പാട്ട മണ്ണെണ്ണയും വാങ്ങിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ടി വകക്ക വാങ്ങിയ സാധനങ്ങൾ വല്ലതും ബാക്കി ഉണ്ടായിരുന്നുവൊ;

(ഇ) ബാക്കി ഉണ്ടായിരുന്ന എങ്കിൽ അതു് എന്തുചെയ്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

	൧൯൪൬	൧൯൪൭
(എ) എസ്സ്. ആർ. വി. സ്കൂളിൽ	൩൦൦	൩൫൪
എം. ഐ. ഹൈസ്കൂളിൽ	൧൦൦	൧൫൩
സെൻറ് ആൽബട്ട്സ് ഹൈസ്കൂളിൽ	൧൦൦	൭൪

Note.—൧൯൪൭-ലെ എണ്ണം പറഞ്ഞിട്ടുള്ളതു ഉദ്ദേശംമാത്രമാണു്. സ്കൂളിൽനിന്നും കൃത്യമായ എണ്ണം കിട്ടിയിട്ടില്ല.

(ബി) ൧൦൫ കി. മീതം ഓരോ കൊല്ലത്തിലും കുട്ടികളുടെ താമസ സൌകര്യങ്ങൾക്കുവേണ്ടി എസ്സ്. ആർ. വി. സ്കൂളിൽ ചിലവാക്കിയിട്ടുണ്ടു്.

(സി) ഓരോ കൊല്ലവും ഒരു മന്നു പഞ്ചസാരയും രണ്ടു പാട്ട മണ്ണെണ്ണയും.

(ഡി) ഉണ്ടായിരുന്നു.

(ഇ) തല്ക്കാലിക കക്കൂസ്സിന്നായി ൧൯൪൫-ൽ വാങ്ങിയ ൫൦ ബക്കറും ൧൯൪൬-ൽ വാങ്ങിയ ൧൫ ബക്കറുംകൂടി ൬൫ ബക്കറിൽ സ്കൂൾ ആവശ്യത്തിന്നുപയോഗിച്ചു വു ബക്കറുകൾ കഴിച്ചു ൫൯ ബക്കറു ബാക്കിയിരിപ്പുണ്ടു്.

REDUCTION OF FOREIGN LIQUOR SHOPS

406. മിസ്റ്റർ കെ. എ. രാഘവൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമൊ—

(എ) എറണാകുളം, മട്ടാഞ്ചേരി, തൃശ്ശിവപേരൂർ എന്നീ മുനിസിപ്പൽ പട്ടണാതൃത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന വിദേശമദ്യഷാപ്പുകളുടെ സംഖ്യ ൧൯൪൬ മുതല്ക്കു നിയന്ത്രിക്കുന്നതിനു വേണ്ടി ഗവൺമെണ്ടു വല്ല ഉത്തരവുകളൊ നിർദ്ദേശങ്ങളൊ പുറപ്പെടുവിക്കയുണ്ടായിട്ടുണ്ടൊ;

(ബി) ഈ പുതിയ വ്യവസ്ഥ ഏർപ്പെടുത്തിയാൽ അതുമൂലം വിദേശമദ്യ വ്യാപാരം നിർത്തേണ്ടിവരുന്ന കച്ചവടക്കാർ ഗവൺമെണ്ടിലേക്കു വല്ല നിവേദനമൊ ഹർജികളൊ സമർപ്പിക്കുകയുണ്ടായൊ;

(സി) ഈ നിവേദനങ്ങൾ അവർ നേരിട്ടൊ അതൊ വക്കാലത്തുമുഖേനയൊ സമർപ്പിച്ചതു്;

(ഡി) അതെല്ലാമായിരുന്ന അവരുടെ വക്കീലന്മാർ;

(ഇ) നിവേദനം അനുസരിച്ചു പുതിയ വ്യവസ്ഥകൾ വേണ്ടെന്നുവെക്കുകയൊ ഒരു കൊല്ലത്തേ അവധി നൽകുകയൊ ഉണ്ടായൊ;

(എഫ്) ഇതിനെസംബന്ധിച്ചുള്ള ഫയൽ ദയവായി മേശപ്പുറത്തു വെക്കാമൊ?

റാവുബഹദൂർ ടി. കെ. നായർ;

(എ) ഉവ്വു്. എറണാകുളം, മട്ടാഞ്ചേരി, തൃശ്ശിവപേരൂർ എന്നീ മുനിസിപ്പൽ അതൃത്തിക്കുള്ളിൽ നന്നാലു മദ്യഷാപ്പുകൾ മാത്രമേ അനുവദിക്കുവാൻ പാടുള്ളു എന്നു ഒരു ഉത്തരവുണ്ടായിരുന്നു.

(ബി) ഹർജികൾ സമർപ്പിച്ചിട്ടുണ്ടു്.

(സി) വക്കാലത്തുമൂലമാണു ഹർജികൾ സമർപ്പിച്ചിട്ടുള്ളതു്.

(ഡി) (എ) ൧. മെസേർസ്സ് കെ. പി. ശങ്കരൻ
൨. എച്ചു്. ഐ. ഫലഗ
൩. കെ. ആർ. സദാനന്ദശേണായി
} അഡ്വക്കേറ്റ് മിസ്റ്റർ പി. ഗോവിന്ദമേനോൻ

(ബി) എം. ശിവരാമമേനോൻ —മിസ്റ്റർ എം. ഭാസ്കരമേനോൻ.

(ഇ) ൧—൧—൫൩-ൽ ലൈസൻസ്സു് റദ്ദാക്കുമെന്നുള്ള ഒരു മുന്നറിയിപ്പോടുകൂടി ൧൯൫൫-ൽ നിലവിലുണ്ടായിരുന്ന എല്ലാ വിദേശ മദ്യഷാപ്പുകളും തുടർന്നു നടത്തിക്കൊള്ളുന്നതിന്നു് അനുവാദം കൊടുത്തിട്ടുണ്ടു്.

(എഫ്) ഫയൽ മേശപ്പുറത്തു വെക്കുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly